പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6253 10.07.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

**വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. മുരളീധരൻ**

**ഡോ. എം.കെ. മുനീർ**
**( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി )**

| | | | |
|---|---|---|---|
| എ) | സാമൂഹ്യക്ഷേമ വകുപ്പ് 2011-12 വർഷം വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവർത്തന പുരോഗതി എന്നിവ വ്യക്തമാക്കുമോ ; | എ) | തിരുവനന്തപുരം അർബൻ II ശിശുവികസന പദ്ധതി ഓഫീസർ വഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.<br>1. വട്ടിയൂർക്കാവ് പരിധിയിൽ വരുന്ന 97 അംഗൻവാടികൾക്ക് വാട്ടർഫിൽറ്റർ വാങ്ങി നൽകിയിട്ടുണ്ട്.<br>2. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ക്ലബ്ബുകൾക്ക് പുസ്തക ശേഖരവും ഷെൽഫും(14 അംഗൻവാടികൾക്ക്) നൽകിയിട്ടുണ്ട്<br>3. അംഗൻവാടികൾക്ക് പ്ലേറ്റ്, ഗ്ലാസ്, മഗ്, ഷീറ്റ്, പായ് എന്നിവ നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം അർബൻ I ശിശുവികസന പദ്ധതി ഒഫീസർ വഴി 3 - 6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് THRS പോഷകാഹാരം നൽകുന്ന പദ്ധതി നടപ്പിലാക്കി.<br>11 അംഗൻവാടികൾക്ക് പാൽ വിതരണം ചെയ്തു.<br><br>അംഗൻവാടി പ്രവർത്തകർക്ക് അധികവേതനം നൽകുന്നതിനായി 4,29,525/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>89,100/- രൂപ ചെലവഴിച്ച് എല്ലാ അംഗൻവാടികളിലും നെയിംബോർഡ് സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി | ഇവിടെ 2012-13 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്? | ബി | 2011-12 വർഷത്തെ spill over പദ്ധതിയിനത്തിൽ 8,62,000/- രൂപ ചെലവിൽ വട്ടിയൂർക്കാവിൽ വൃദ്ധസദനം സജ്ജമാക്കുവാൻ തിരുമാനിച്ചിട്ടുണ്ട്<br><br>2011-12 വർഷത്തെ spill over പദ്ധതിയിനത്തിൽ 9,00,000/- രൂപ ചെലവഴിച്ച് സെന്റർ നമ്പർ 27 - ഇരുകുന്നം അംഗൻവാടി കെട്ടിട നിർമ്മാണം നടത്താൻ തീരുമാനിച്ചു.<br><br>അംഗൻവാടി പോഷകാഹാര പദ്ധതി, അംഗൻവാടി പ്രവർത്തകർക്ക് അധിക വേതനം നൽകൽ എന്നിവ നടപ്പിലാക്കുന്നതിനായി നഗരസഭാ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച നടക്കുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ